(സി) ഈ അദ്ധ്യയന വർഷം എത്ര സ്കൂളുകൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കും;

(ഡി) സ്കൂളുകളിൽ ഇൻറർനെറ്റ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ്റിങ്ങൽ, കൊട്ടാരക്കര, തിരുവല്ല, കോട്ടയം, ആലപ്പുഴ, എറണാകുളം, കട്ടപ്പന, തൊടുപുഴ, തൃശ്ശൂർ, മഞ്ചേരി, ഒറ്റപ്പാലം, കോഴിക്കോട്, കല്പറ്റ, തലശ്ശേരി, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ എഡ്യൂസാറ്റ് ട്രെയിനിംഗ് സെൻററുകൾ (ETC) സജ്ജീകരിക്കുന്നുണ്ട്. ഇവിടെ സ്ഥാപിക്കുന്ന സാറ്റലൈറ്റ് ഇൻറാക്ടീവ് ടെർമിനൽ സംവിധാനം മുഖേന പരിപാടികൾ എഡ്യൂസാറ്റ് ഉപഗ്രഹത്തിൽ നിന്ന് സ്വീകരിക്കുന്നതിനും അപ്ലിങ്കിംഗ് ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. പിന്നീട് പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ 50 സർക്കാർ സ്കൂളുകളിൽ എഡ്യൂസാറ്റിൽ നിന്നുള്ള പരിപാടികൾ സ്വീകരിക്കുന്നതിന് ROT (Receive Only Terminal) സംവിധാനം ഏർപ്പെടുത്തുന്നുണ്ട്.

(സി) ആദ്യഘട്ടത്തിൽ മലപ്പുറം, വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 50 സർക്കാർ സ്കൂളുകളിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അദ്ധ്യാപക പരിശീലന പരിപാടികളായിരിക്കും ആദ്യ ഘട്ടത്തിൽ ഈ കേന്ദ്രങ്ങൾ വഴി നടത്തുന്നത്.

(ഡി) കേരളത്തിലെ ബഹുഭൂരിപക്ഷം സ്കൂളുകളിലും ഇൻറർനെറ്റ് ലഭ്യമാക്കുന്നതിനുള്ള മോഡവും മറ്റ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇൻറർനെറ്റ് കണക്ഷൻ സ്കൂളുകൾ സ്വന്തമായി വാങ്ങേണ്ടതാണ്. എഡ്യൂസാറ്റിൻറെ ഭാഗമായ EDUSERVE സംവിധാനം സജ്ജമാകുമ്പോൾ ഇൻറർനെറ്റ് വഴി വിജ്ഞാനശേഖരം ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നതിനും അവ സ്കൂളുകൾ തമ്മിൽ പങ്കുവെയ്ക്കുന്നതിനും ഇൻറർനെറ്റ് ടെലഫോൺ സംവിധാനം ഉപയോഗിച്ച് പരസ്പരം ആശയവിനിമയം നടത്തുന്നതിനും സൗകര്യമുണ്ടാകും.

റോഡുഗതാഗതത്തിൽ വരുന്ന വർദ്ധന സംബന്ധിച്ച പഠനം

6 [228] ശ്രീ. കെ. എ. ചന്ദ്രൻ:
,, ലൂഡി ലൂയിസ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ, നാച്ചുറൽ ഗ്യാസ് ടെർമിനൽ മുതലായ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് റോഡുഗതാഗതം എത്ര മടങ്ങ് വർദ്ധിക്കുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡു ഗതാഗതത്തിൽ വരുന്ന വർദ്ധന അനുസരിച്ച് നിലവിലുള്ള റോഡുകൾ വികസിപ്പിക്കുന്നതിനോ പുതിയവ നിർമ്മിക്കുന്നതിനോ എന്തെല്ലാം നടപടികളാണ് എടുക്കുവാനുദ്ദേശിക്കുന്നത്;

(സി) ഇതുമായി ബന്ധപ്പെടുത്തി എക്സ്പ്രസ്സ് ഹൈവേക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പഠനം നടത്തി വരുന്നു.

(ബി) റോഡുഗതാഗതത്തിൽ വരുന്ന വർദ്ധന കണക്കിലെടുത്ത് എൻ. എച്ച്. 47-ഉം എൻ.എച്ച്. 17-ഉം നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ നടപടികൾ എടുത്തുവരുന്നു. തിരുവനന്തപുരം നഗരത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗതകുരുക്ക് കണക്കിലെടുത്ത് 42 കി.മി. റോഡുകളുടെ വികസനത്തിനായുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ മറ്റ് 27 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പണിയും പുരോഗമിച്ചു വരുന്നു. കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(സി) എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി വിശദമായ പദ്ധതി രൂപരേഖ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

ബി. എഡ്. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ

7 [229] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. ജയരാജൻ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ബി. എഡ്. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളിൽ ഈ വർഷം മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ബി. എഡ്. കോളേജുകളിൽ മെറിറ്റ് സീറ്റിലേക്കുള്ള പ്രവേശന ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) ബി.എഡ്. പ്രവേശനത്തിനായി തയ്യാറാക്കിയ നിബന്ധനകളിൽ ചിലത് കാലിക്കറ്റ്, കണ്ണൂർ, എം. ജി. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളായ അപേക്ഷകരെ ദ്രോഹകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ 2005-2006 അദ്ധ്യയന വർഷത്തിലെ ബി. എഡ്. അഡ്മിഷൻ കേന്ദ്രീകൃത അലോട്ട്മെന്റ് നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ഇതിനായുള്ള മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് ഒരു ഏകീകൃത മാനദണ്ഡം സർക്കാർ രൂപീകരിക്കുകയും അതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly